# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 150

12-07-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.സി.ജോർജ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം ഏതു ഘട്ടം വരെയായി എന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (എ) യും (ബി) യും | വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഓരോ ഘട്ടത്തിലും വിലയിരുത്തി വരുന്നുണ്ട്. തുറമുഖ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു. |
| (ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നും വിശദമാക്കുമോ ? | | 1. പദ്ധതി നിർമ്മാണത്തിനും നടത്തിപ്പിനുമുള്ള കൺസഷൻ കരാർ കൺസഷനയർ ആയ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പിട്ടതിനെ തുടർന്ന് 2015 ഡിസംബർ 5-ാം തീയതി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി<br>2. മണ്ണു പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം , ഭാഗികമായുള്ള dredging & reclamation എന്നിവ പൂർത്തിയാക്കി. ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം (150 മീറ്റർ പൂർത്തിയായി) പുരോഗമിക്കുന്നു.<br>3. പദ്ധതിക്ക് ആവശ്യമായുള്ള മൊത്തം ഭൂമിയായ 91 ഹെക്ടറിന്റെ 90% ഏറ്റെടുത്തു കഴിഞ്ഞു. പദ്ധതിക്കായുള്ള ജലവിതരണ സംവിധാനം പൂർത്തിയാക്കുകയും , വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രസരണ സംവിധാനങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു.<br>4. റെയിൽ കണക്റ്റിവിറ്റിക്ക് വേണ്ടിയുള്ള കരട് റിപ്പോർട്ട് ഉപദേശകരായ റയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL) തയ്യാറാക്കിയിട്ടുണ്ട്. ഇതിന് റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ച ശേഷം ഭൂമി ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ